# നോമ്പുക്കാലം

## വചന വിചിന്തനം

### അഞ്ചാം ഞായർ

### യോഹ 8,12-20

*"മെഴുകുതിരി തെളിയിച്ചുകൊണ്ട്
മരിച്ചവരെ നാം ഓർക്കുന്നു;
മെഴുകുതിരി അണച്ചുകൊണ്ട്
ജന്മദിനം നാം ആഘോഷിക്കുന്നു!!!"*

"രാത്രി കഴിയാറായി;
പകൽ സമീപിച്ചിരിക്കുന്നു.
ആകയാൽ,
നമുക്ക് അന്ധകാരത്തിന്റെ
പ്രവൃത്തികൾ പരിത്യജിച്ച്
പ്രകാശത്തിന്റെ
ആയുധങ്ങൾ ധരിക്കാം.
പകലിനു യോജിച്ചവിധം
നമുക്കു പെരുമാറാം"
(റോമ 13,12-13).

ക്രിസ്തു അസന്നിഗ്ദ്ദമായി പ്രഖ്യാപിച്ചു, "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ 8,12).

ജറുസലേം ദേവാലയത്തിലെ ശ്രീകോവിൽ എന്നപ്പോലെ തന്നെ യഹൂദർക്ക് ഏറ്റവും പ്രധാനപ്പെട്ട സ്ഥലമായിരുന്നു ഭണ്ഡാരസ്ഥലം. കാരണം, യഹൂദർക്ക് ദൈവത്തെ ആരാധിക്കാൻ ഒറ്റ ദേവാലയമേ ഈ ഭൂമിയിലൊള്ളു, അത് ജെറുസലേം ദേവാലയമാണ്. ജീവിതത്തിലൊരിക്കലെങ്കിലും ജറുസലേം ദേവാലയത്തിലേയ്ക്കുള്ള തീർത്ഥയാത്ര മുഴുവൻ യഹൂദരുടെയും വലിയ സ്വപ്നമാണ്. അതുകൊണ്ട് തന്നെ, ജറുസലേം ദേവാലയത്തിലേയ്ക്ക് തീർത്ഥയാത്ര നടത്തുന്നവർ ശ്രീകോവിൽ സന്ദർശിക്കുന്നതുപോലെ തന്നെ തങ്ങളുടെ ആയുസിന്റെ മുഴുവൻ സമ്പാദ്യങ്ങളുടെയും ദശാംശം സമർപ്പിക്കാൻ എത്തിയിരുന്ന ഇടമായിരുന്നു ഭണ്ഡാരസ്ഥലം. ജറുസലേം ദേവാലയത്തിന്റെ ഭണ്ഡാരം സ്ഥിതി ചെയ്യുന്ന അങ്കണത്തിൽ നിന്നുകൊണ്ടാണ് ക്രിസ്തു അസന്നിഗ്ദ്ദമായി പ്രഖ്യാപിക്കുന്നത്, ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും."

ജറുസലേം ദേവാലയത്തിലെ കൂടാരത്തിരുനാളിന്റെ വലിയ പ്രത്യേകത വിളക്കുകാലുകളാൽ ജറുസലേം മുഴുവൻ പ്രകാശിക്കും എന്നതാണ്. അലങ്കാരവിളക്കുകളാലും, ദീപാലങ്കാരത്താലും ദേവാലയവും വഴികളും പരിസരങ്ങളും, ചുരുക്കത്തിൽ, ജറുസലേം മുഴുവനും പ്രകാശപൂരിതമാകും എന്നതാണ്. ചുരുക്കത്തിൽ, ലോകത്തിലെ മുഴുവൻ പ്രകാശത്താലും മനോഹമാകുന്ന ജറുസലേം ദേവാലയത്തിലെ കൂടാരത്തിരുനാളിന്റെ മദ്ധ്യേയാണ് ക്രിസ്തു അസന്നിഗ്ദ്ദമായി പ്രഖ്യാപിക്കുന്നത്, "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ 8,12).

വചനഭാഗത്തെ വരികൾക്കിടയിലൂടെ വായിച്ചാൽ ക്രിസ്തു അസന്നിഗ്ദ്ദമായി പ്രഖ്യാപിക്കന്നത് ഇപ്രകാരമായിരിക്കാം, "മക്കളെ, കൂടാരത്തിരുന്നാളിൽ നിങ്ങളീകാണുന്ന പ്രകാശമല്ല യഥാർത്ഥത്തിലുള്ള പ്രകാശം. മറിച്ച്, ഞാനാണ് ലോകത്തിന്റെ പ്രകാശം. നിങ്ങൾ കാണുന്ന ജറുസലേം ദേവാലയത്തിലെ പ്രകാശം ഒറ്റ രാത്രികൊണ്ട് അസ്തമിക്കും. എന്നാൽ, ഞാൻ ലോകത്തെ നയിക്കുന്ന നിത്യപ്രകാശമാണ്. അതുകൊണ്ടു എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുകയില്ല." വിവിധ വചനഭാഗത്തിലൂടെ കണ്ണോടിക്കുക...

"കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്, ഞാൻ ആരെ ഭയപ്പെടണം?"

(സങ്കീ 27,1).

"പകൽ സൂര്യനായിരിക്കുകയില്ല ഇനി നിനക്കു പ്രകാശം തരുക; നിനക്കു പ്രകാശംനൽകാൻ രാത്രിയിൽ ചന്ദ്രനായിരിക്കുകയില്ല പ്രശോഭിക്കുന്നത്. കർത്താവായിരിക്കും നിൻെറ നിത്യമായ പ്രകാശം; നിൻെറ ദൈവമായിരിക്കും നിൻെറ മഹത്വം" (ഏശ 60,19).

"അവിടുന്ന് തൻെറ ദീപം എൻെറ ശിരസ്സിനു മുകളിൽ തെളിക്കുകയും ഞാൻ അവിടുത്തെ പ്രകാശത്താൽ അന്ധകാരത്തിലൂടെ നടക്കുകയും ചെയ്തു" (ജോബ് 29,3).

"എൻെറ ശത്രുക്കളേ, എന്നെക്കുറിച്ച് ആഹ്ളാദിക്കേണ്ടാ. വീണാലും ഞാൻ എഴുന്നേൽക്കും. ഞാൻ ഇരുട്ടിലിരുന്നാലും കർത്താവ് എൻെറ വെളിച്ചമായിരിക്കും" മിക്ക 7,8).

ചുരുക്കത്തിൽ, ജറുസലേം ദേവാലയത്തിലെ ഭണ്ഡാരത്തിനരികെ നിന്നുകൊണ്ട് ക്രിസ്തു പ്രഖ്യാപിക്കുന്നത് പഴയനിയമത്തിൽ പ്രവാചകൻമാർ എന്ത് ക്രിസ്തുവിനെ കുറിച്ച് രേഖപ്പെടുത്തിയോ അത് മാത്രമാണ്, "ഞാൻ ലോകത്തിൻെറ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവൻെറ പ്രകാശമുണ്ടായിരിക്കും" (യോഹ 8,12). എങ്കിൽ, വചനത്തിന്റെ സാരാംശം തികച്ചും ലളിതമാണ്, "നിത്യപ്രകാശമായിട്ടുള്ള ക്രിസ്തുവിനിൽ നിന്നും പ്രകാശം സ്വീകരിച്ച് ലോകത്തിന്റെ പ്രകാശമായി മലമുകളിൽ ഉയർത്തപ്പെട്ട ദീപം പോലെ സഭയിൽ സമൂഹത്തിൽ വർത്തിക്കുക."

*ക്രിസ്തു പറയുന്നു, "ഞാൻ ലോകത്തിന്റെ പ്രകാശമാണ്...." ചങ്കിൽ കൈ വച്ച് എത്ര പേർക്ക് പറയാൻ സാധിക്കും, "ഞാൻ എന്റെ കുടുംബത്തിന്റെ പ്രകാശമാണെന്ന്?"*

കഴിഞ്ഞ ദിവസം വായിച്ചതിൽ ഏറ്റവും മനോഹരമായ ചെറുകഥകളിൽ ഒന്ന് ഇപ്രകാരമാണ്, "പുളി രസമുള്ള ഓറഞ്ചിന്റെ മാധുര്യം!"

അയാൾ പതിവായി ആ വയസ്സായ സ്ത്രീയുടെ കയ്യിൽ നിന്നും ഓറഞ്ചുകൾ വാങ്ങിക്കുമായിരുന്നു. തൂക്കി നോക്കി, കാശുകൊടുത്ത്, തന്റെ ബാഗിൽ ഇട്ടതിനു ശേഷം പതിവായി അതിൽ നിന്ന് ഒരു ഓറഞ്ച് എടുത്ത് പൊളിച്ച് ഒരു അല്ലി കഴിച്ചതിനു ശേഷം

"ഇത് നിറയെ പുളി ആണല്ലോ!" എന്ന് പറഞ്ഞ് അത് ആ സ്ത്രീക്ക് തന്നെ തിരിച്ചു കൊടുക്കുമായിരുന്നു. വൃദ്ധ അതിൽ നിന്ന് ഒരു അല്ലി എടുത്ത് കഴിച്ചിട്ട്,

"ഇതിനു മധുരം ആണല്ലോ?"എന്ന് ചോദിക്കുന്നുണ്ടാവും. പക്ഷെ, അപ്പോഴേക്കും തൻറെ ബാഗും എടുത്ത് അയാൾ പോയിരിക്കും.

അയാളുടെ ഭാര്യ എപ്പോഴും അയാളോട് ചോദിക്കും,

"ഓറഞ്ചിന് എപ്പോഴും നല്ല മധുരം ആണല്ലോ? പിന്നെ എന്തിനാണ് ഈ നാടകം?"

അയാൾ ചിരിച്ചുകൊണ്ട് പറയും,

"ആ സ്ത്രീ മധുരമുള്ള ഓറഞ്ചുകൾ വിൽക്കുന്നുണ്ടെങ്കിലും, അതിൽനിന്നും ഒരെണ്ണം എങ്കിലും അവർ കഴിക്കുന്നില്ല, ഇങ്ങനെ ആകുമ്പോൾ കാശ് നഷ്ടപ്പെടാതെ തന്നെ ഒരെണ്ണം എങ്കിലും കഴിക്കുവാൻ സാധിക്കുമല്ലോ!"

എല്ലാ ദിവസ്സവും ഇത് കാണുന്ന പച്ചക്കറികൾ വിൽക്കുന്ന മറ്റൊരു സ്ത്രീ വയസ്സായ സ്ത്രീയോട് ചോദിച്ചു,

"എപ്പോഴും അയാൾ നിങ്ങളുടെ ഓറഞ്ചിനെപ്പറ്റി കുറ്റം പറയുന്നെങ്കിലും തൂക്കത്തിൽ കൂടുതൽ ഓറഞ്ച് നിങ്ങൾ അയാൾക്ക് കൊടുക്കുന്നത് ഞാൻ കാണുന്നുണ്ടല്ലോ?"

വയസ്സായ സ്ത്രീ ചിരിച്ചുകൊണ്ട് പറഞ്ഞു,

"എനിക്കറിയാം അയാൾ ഓറഞ്ചിനെ കുറ്റം പറഞ്ഞുകൊണ്ട്, തിരിച്ചു തരുന്നത് ഒരെണ്ണം എനിക്ക് കഴിക്കുവാൻ വേണ്ടിയാണ് എന്ന്. പക്ഷെങ്കിൽ എനിക്കത് അറിയാം എന്ന് അയാൾക്ക് അറിയില്ല. അതുകൊണ്ടാണ് തൂക്കത്തിൽ കൂടുതൽ ഓറഞ്ചുകൾ കൊടുക്കുന്നത്!"

ജീവിതത്തിന്റെ മാധുര്യം നമുക്ക് നമ്മുടെ സഹജീവികളോട് തോന്നുന്ന കൊച്ചു കൊച്ചു സ്നേഹവും ബഹുമാനവും ആണ്. ഇതുതന്നെയാണ്, "ഞാൻ ലോകത്തിൻെറ പ്രകാശമാണ്. നിത്യപ്രകാശമായിട്ടുള്ള എന്നിൽനിന്നും പ്രകാശം സ്വീകരിച്ച്, ലോകത്തിന്റെ പ്രകാശമായി മലമുകളിൽ ഉയർത്തപ്പെട്ട ദീപം പോലെ, സഭയിൽ സമൂഹത്തിൽ വർത്തിക്കുക" എന്നതിലൂടെ ക്രിസ്തു അർത്ഥമാക്കുന്നത്. ലോകത്തിന്റെ പ്രകാശമാകാനുള്ള വിളിയിൽ നിന്നുള്ള തെന്നിമാറൽ ക്രിസ്തുവിന്റെ വഴിയിൽ നിന്നുള്ള തെന്നിമാറൽ കൂടിയാണ്. പ്രകാശമുള്ളവനെ പ്രകാശത്തിന്റെ മകനെപ്പോലെ വ്യാപരിക്കാൻ സാധിക്കൂ. കനലിനോട് ചേർന്നിരുന്ന് കരിക്കട്ട പ്രകാശം സ്വന്തമാക്കുന്നതുപോലെ ക്രിസ്തുവിനോട് ചേർന്നിരുന്ന് അവനിൽ നിന്ന് പ്രകാശം സ്വന്തമാക്കി ലോകത്തിന്റെ പ്രകാശമായി മാറ്റപ്പെടാൻ നമ്മുക്ക് സാധിക്കണം. ഈ പ്രകാശം നഷ്ടപ്പെടുന്നവന് പ്രകാശത്തിന്റെ മക്കളെപ്പോലെ ചിന്തിക്കാനോ പ്രവർത്തിക്കാനോ സാധിക്കില്ല.

ഒരുത്തൻ ചോദിക്കുകയാണ്, "നീ മദ്യപിക്കാറുണ്ടോ?"

"ഇല്ല..."

"പുകവലി...?"

"ഇല്ല..."

"പാന്പരാഗും മറ്റും ....?"

"ഇല്ല..."

"എന്തേ ഇല്ലാത്തെ...?"

"എനിക്ക് താല്പര്യമില്ല... മാത്രമല്ല, ഞാൻ എന്റെ ആരോഗ്യമെങ്കിലും നോക്കണ്ടേ?"

"പിന്നെ ആരോഗ്യം... ആരോഗ്യത്തിൽ ഇത്ര ശ്രദ്ധിച്ചിട്ടൊന്നും ഒരു കാര്യവുമില്ല. ഇപ്പോൾ, നീ റോഡിലൂടെ പോകുമ്പോൾ പെട്ടെന്നൊരു പാണ്ടിലോറി കേറിയിറങ്ങിയാൽ തീർന്നില്ലേ...?

"ഇല്ല തീരില്ല..."

"അതെങ്ങിനെ...?"

"അപ്പോഴും എന്റെ ശരീരത്തിലെ ആരോഗ്യമുള്ള അവയവങ്ങള് മറ്റു പലരുടെയും ജീവൻ രക്ഷിച്ചേക്കാം..."

ഒരുപക്ഷെ, ഇതൊരിക്കലും സംഭവിക്കാത്ത ഒന്നായിരിക്കാം. പക്ഷെ, പ്രാകാശത്തിന്റെ മക്കളുടെ ചിന്തയും പ്രവർത്തികളും അതേസമയം തന്നെ അന്ധകാരത്തിന്റെ മക്കളുടെ ചിന്തകളും പ്രവർത്തികളും തമ്മിൽ വ്യാഖ്യാനിക്കാനും താരതമ്യപ്പെടുത്താനും ഇതിനേക്കാൾ മനോഹരമായ വേറെയൊരു ചിത്രമില്ല. ക്രിസ്തു അന്നും ഇന്നും എന്നും നമ്മെ നോക്കി അരുളിച്ചെയ്യുന്നത് ഒന്നുമാത്രമാണ്, "ഞാൻ ലോകത്തിൻെറ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവൻെറ പ്രകാശമുണ്ടായിരിക്കും" (യോഹ 8,12).

സൂര്യനെ നോക്കി സൂര്യഗാന്ധി ജീവിക്കുന്നതുപോലെ ക്രിസ്തുവിനെ നോക്കി ക്രിസ്ത്യാനികൾ ജീവിക്കണം.

***"അവിടുന്നു പ്രകാശത്തിലായിരിക്കുന്നതുപോലെ, നമ്മളും പ്രകാശത്തിൽ സഞ്ചരിക്കുന്നെങ്കിൽ നമുക്കു പരസ്പരം കൂട്ടായ്മയുണ്ടാകും."***

1യോഹ 1,7

ഫാ. ജോബി മെനോത്ത് : +91 944 7777 931